"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്കും/കുടുംബപെൻഷൻകാർക്കും 11-ാം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/HSG തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:-

1. സ.ഉ.(പി) നം.30/2021/ധന, തീയതി 12.02.2021.
2. സ.ഉ.(പി) നം. 35/2021/ധന, തീയതി 23.02.2021.
3. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 14.09.2022 തീയതിയിലെ എഡി1(എ)/1305(എ)/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 11-ാം പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്കും/കുടുംബപെൻഷൻകാർക്കും അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1, 2 പ്രകാരമുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവിന് അനുസൃതമായി, പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട ചെലവുകൾ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും പൂർണ്ണമായും ചെലവഴിക്കണമെന്ന നിബന്ധനയിൽ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്കും/കുടുംബപെൻഷൻകാർക്കും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പെൻഷൻ പരിഷ്കണം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 01.04.2013-ന് മുമ്പ് റെഗുലർ സർവീസിൽ പ്രവേശിച്ച് വിരമിച്ചവർക്ക് മാത്രമാണ് ഇത് ബാധകം. 01.04.2013 - ന് ശേഷം റെഗുലർ സർവീസിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതിയാണ് ബാധകം.
2. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ/കുടുംബ പെൻഷൻ എന്നിവ 01/07/2019 പ്രാബല്യത്തിൽ പരിഷ്കരിക്കാവുന്നതാണ്.
3. പുതിയ നിരക്കിൽ ഡി.സി.ആർ.ജി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവയ്ക്ക് ഉത്തരവ്

തീയതി മുതൽ മാത്രമേ അർഹതയുള്ളൂ.

4. കുടിശ്ശികയുടെ കാര്യത്തിൽ പിന്നീട് തീരുമാനിക്കാവുന്നതാണ്.

5. പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചതിനെത്തുടർന്ന് അധികം കൈപ്പറ്റിയിട്ടുള്ള തുക, ഡി.സി.ആർ.ജി, പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, പെൻഷന്റെ ഭാവിയിലുണ്ടാകാവുന്ന ക്ഷാമാശ്വാസം എന്നിവയിൽ നിന്നും ഈടാക്കാവുന്നതാണ് എന്ന സത്യവാങ്മൂലം ഓരോ പെൻഷണറും/കുടുംബ പെൻഷണറും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ സമർപ്പിക്കേണ്ടതാണ്.

6. ഒമ്പതാം ശമ്പളപരിഷ്കരണ പ്രകാരം പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുടെ പത്താം പെൻഷൻ പരിഷ്കരണം നോഷണലായി നിർണയിച്ച് പതിനൊന്നാം പെൻഷൻ പരിഷ്കരണ പ്രകാരമുള്ള പെൻഷൻ നിർണ്ണയിക്കേണ്ടതാണ്.

7. സംസ്ഥാന സർവീസ് പെൻഷൻകാർ/വിരമിച്ച അധ്യാപകർ എന്നിവർക്ക് ബാധകമായ എല്ലാ ഉത്തരവുകളും പരിപത്രങ്ങളും മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച പെൻഷൻകാർക്കും ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികാര്യ (ബി.പി.ഇ.) വകുപ്പ് (06.09.2024 - ലെ PLGEA-BPE2/120/2024-PLGEA പ്രകാരം)
ധനകാര്യ വകുപ്പ് (16.02.2026 - ലെ 2917590/PU-C3/150/2024-FIN പ്രകാരം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (18.02.2026 - ലെ ഇനം നം. 3696 പ്രകാരം)
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ) വകുപ്പ്
റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 20-02-2026 10:49:07
സെക്ഷൻ ഓഫീസർ